SENIOR BASIC SCHOOL THANNEERCODE
SINCE : 1933

# സീനിയർ ബേസിക് സ്കൂൾ
## തണ്ണീർക്കോട്

# അക്കാദമിക് മാസ്റ്റർപ്ലാൻ

തൃത്താല ബി ആർ സി
പാലക്കാട് ജില്ല



# ആമുഖം

സീനിയർ ബേസിക് സ്കൂൾ തണ്ണീർക്കോട് അടുത്ത അഞ്ചുവർഷം മുന്നിൽ കണ്ടുകൊണ്ട് മുന്നോട്ടുവെക്കുന്ന മാസ്റ്റർ പ്ലാനാണിത്. ഈ മാസ്റ്റർ പ്ലാൻ അനുസരിച്ച് മുന്നോട്ട് പോകുമ്പോൾ ലഭിക്കുന്ന അനുഭവങ്ങളുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ ആവശ്യമായ മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കും. അത്തരത്തിലുള്ള പരിഷ്കരണം ഉൾക്കൊള്ളുകയും സ്വാഗതം ചെയ്യുകയും ചെയ്യുന്നു.

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണെന്ന് RTE 2009 പ്രഖ്യാപിക്കുന്നു. ഇതിന്റെ ചുവടുപിടിച്ചാണ് പാഠ്യപദ്ധതി പരിഷ്കാരങ്ങളും പ്രവർത്തന പദ്ധതികളും നടപ്പിലാക്കുന്നത്. സമഗ്ര ഗുണമേന്മ പദ്ധതിയുടെ (2025) നൂതന ആശയങ്ങൾ കൂടി ഉൾപ്പെടുത്തിക്കൊണ്ട് അക്കാദമിക് മികവിന് പ്രാധാന്യം നൽകുന്നു.

അവകാശധിഷ്ഠിത വിദ്യാലയം എന്ന ലക്ഷ്യം നേടുന്നതിന് സമഗ്രമായ വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ആഗോളതലത്തിൽ അവതരിപ്പിച്ച വിജയം കൈവരിച്ച് പഠനബോധന മാതൃകകൾ നമ്മുടെ കുട്ടികൾക്കും ലഭിക്കേണ്ടതുണ്ട്. അതിലൂടെ നമ്മുടെ കുട്ടികളും അന്തർദേശീയ നിലവാരത്തിൽ എത്തണം. ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി പാടിയപദ്ധതിയെ ശിശുകേന്ദ്രീകൃതവും പ്രവർത്തന അധിഷ്ഠിതവും ആക്കുന്നതിനുള്ള പരിശ്രമങ്ങൾ നടക്കുന്നു. ഇതിനായി അടിസ്ഥാന സൗകര്യങ്ങളുടെ വികസനവും നിരന്തര അധ്യാപക ശാക്തീകരണ പരിശീലന പ്രവർത്തനങ്ങളും നടന്നുവരുന്നു.. കുട്ടിക്ക് അറിവ് നിർമ്മിക്കുന്ന പ്രക്രിയയാണ് ക്ലാസ്സിൽ നടക്കേണ്ടത്. കുട്ടിയിലേക്ക് അറിവുകൾ ചെലുത്തുകയല്ല വേണ്ടത് എന്ന കാഴ്ചപ്പാടിനെ മുൻതൂക്കം വന്നു. അതിലൂടെ കുട്ടി വിദ്യാഭ്യാസ പ്രക്രിയയിൽ കേന്ദ്ര സ്ഥാനത്ത് വന്നു.

ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കുട്ടികളെ വിദ്യാലയങ്ങളിൽ എത്തിക്കുക എന്ന നേട്ടം നാം കൈവരിച്ചിരിക്കുന്നു. എന്നാൽ ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുക എന്നത് വെല്ലുവിളിയായി ഇപ്പോഴും അവശേഷിക്കുന്നു. ഇതിനെ മറികടക്കാൻ ഓരോ കുട്ടിയേയും സസൂക്ഷ്മം നിരീക്ഷിച്ച് ഓരോ കുട്ടിക്കും ഒരു പ്രത്യേക മാസ്റ്റർ പ്ലാൻ തയ്യാറാക്കി ഓരോ കുട്ടിയെയും മുഖ്യധാരയിൽ എത്തിക്കാനുള്ള പ്രവർത്തനങ്ങൾ ഉൾക്കൊള്ളിക്കുന്നു.

വ്യത്യസ്തമായ സാമൂഹിക സാമ്പത്തിക പശ്ചാത്തലമുള്ള,വ്യത്യസ്തമായ ശാരീരികവും മാനസികവും ഭൗതികവുമായ കഴിവുകളുള്ള എല്ലാ കുട്ടികൾക്കും പഠിക്കാനും വിജയം കൈവരിക്കാനും കഴിയുമെന്ന് ഉറപ്പുവരുത്തണം. പരിമിതികൾ (ലിംഗം, ജാതി, ഭാഷ, സംസ്കാരം, മതം, അംഗവൈകല്യങ്ങൾ) മറികടക്കുവാൻ ചെറുപ്രായം മുതൽക്കുതന്നെ അനുയോജ്യമായ പഠലക്ഷ്യങ്ങളും അധ്യാപന രീതികളും രൂപകൽപന ചെയ്യേണ്ടതുണ്ട്.

കേരള സമൂഹം നേരിടുന്ന കുറേ വെല്ലുവിളികൾ ഉണ്ട്..

- പൊതു വിദ്യാഭ്യാസത്തിൻറെ ആവശ്യകത ചോദ്യം ചെയ്യപ്പെടൽ
- അൺ എയ്ഡഡ് വിദ്യാലയങ്ങളുടെ കടന്നുകയറ്റം
- മതേതരത്വത്തിന് വിള്ളൽ വരുന്ന അവസ്ഥ
- ലഹരിപദാർത്ഥങ്ങളോടുള്ള ആസക്തി വർദ്ധിക്കൽ
- കുടുംബാന്തരീക്ഷം കലുഷിതമാക്കൽ
- പ്രകൃതിയുടെ സന്തുലിതാവസ്ഥ തകർക്കുന്ന വികസന പ്രവർത്തനങ്ങൾ
- കൃഷിയോടുള്ള വിമുഖത
- ആഡംബര ജീവിതത്തോടുള്ള ആസക്തി
- അനാരോഗ്യ ജീവിത ശൈലി

എന്നിവ ചില ഉദാഹരണങ്ങൾ മാത്രം...

ഇവയെ മറികടക്കുവാൻ വിദ്യാഭ്യാസത്തിന് ചില ലക്ഷ്യങ്ങൾ തീരുമാനിച്ചിട്ടുണ്ട്. സാമൂഹിക നീതി ഉറപ്പാക്കൽ, മികച്ച പൗരത്വം വികസിപ്പിക്കൽ, ഉയർന്ന ദേശീയ ബോധം വളർത്തുക, ശാസ്ത്ര സാങ്കേതിക ബോധം വളർത്തുക, ശാസ്ത്ര മനോഭാവം വളർത്തുക, സാംസ്കാരിക തനിമ പാലിക്കുക, തൊഴിൽ നൈപുണ്യം വളർത്തുക, സാമൂഹിക മതേതര ജനാധിപത്യ മൂല്യങ്ങൾ വളർത്തുക, സ്വാശ്രയത്വം വളർത്തുക, അറിവ് നിർമ്മാണം,പ്രയോഗം,വിനിമയം എന്നിവയ്ക്ക് ഊന്നൽ നൽകുക...

# സ്കൂൾ ചരിത്രത്തിലേക്ക്...

1933 ൽ ശ്രീ കക്കുന്നത്ത് പരിയപ്പുറത്ത് ശങ്കരൻ നമ്പ്യാരാണ് ഹിന്ദു എലിമെന്ററി സ്കൂൾ എന്ന പേരിൽ ഈ സ്ഥാപനം ആരംഭിക്കുന്നത്. ഒരു ഓല ഷെഡ്ഡിൽ വിദ്യാലയം പ്രവർത്തനം തുടങ്ങുന്ന കാലത്ത് അടുത്തടുത്തായി അരകിലോമീറ്ററിനുള്ളിൽ മറ്റു രണ്ടു വിദ്യാലയങ്ങൾ ഈ പ്രദേശത്ത് പ്രവർത്തിച്ചിരുന്നു. എന്നാൽ വിവിധ കാരണങ്ങളാൽ അവയുടെ പ്രവർത്തനം നിലച്ചു. 1933 ഒക്ടോബർ 2 ന് അംഗീകാരം നേടിയ ഈ വിദ്യാലയം 1934 ൽ ഇന്ന് വിദ്യാലയം നിൽക്കുന്ന സ്ഥലത്തേക്ക് മാറുകയും 1953 സീനിയർ ബേസിക് സ്കൂൾ തണ്ണീർക്കോട് എന്ന പേരിൽ അപ്പർ പ്രൈമറിയായി ഉയർത്തപ്പെടുകയും ചെയ്തു. പ്രഗൽഭരായ പല അധ്യാപകരും പ്രവർത്തി ചെയ്തിട്ടുള്ള ഈ വിദ്യാലയത്തിന് സമൂഹത്തിൻറെ പിന്തുണ നേടിയെടുക്കാനും അതിലൂടെ പ്രതിസന്ധികൾ തരണം ചെയ്തു മുന്നോട്ടു നീങ്ങുവാനും കഴിഞ്ഞു..

1965 ൽ ഈ വിദ്യാലയത്തിന്റെ മാനേജ്മെന്റ് അധ്യാപകരുടെ സൊസൈറ്റി ഏറ്റെടുത്തു. സ്റ്റാഫ് മാനേജ്മെന്റ് എന്ന അപൂർവ്വമായ ഈ സംവിധാനം കേരള ഗവൺമെന്റിന്റെ പ്രത്യേക അനുമതിയോടുകൂടി ലഭ്യമായതാണ്.
സമൂഹത്തിൻറെ വിവിധ മേഖലകളിൽ (കൃഷി, നിയമം, ആരോഗ്യം, സാഹിത്യം) പ്രശസ്തരായ പൂർവ വിദ്യാർത്ഥികളെ സംഭാവന ചെയ്യുവാൻ ഈ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്. പ്രശസ്ത ഹൈക്കോടതി ജഡ്ജിയായിരുന്ന ശ്രീ.കെ ടി ശങ്കരൻ ഇവിടുത്തെ പൂർവ്വ വിദ്യാർത്ഥിയാണ്.

പൊതുവിദ്യാലയങ്ങളിൽ കുട്ടികളുടെ കാര്യത്തിൽ പ്രയാസം അനുഭവപ്പെടുന്ന ഈ ഘട്ടത്തിൽ കുറെ വർഷങ്ങളായി വിദ്യാർത്ഥികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടാകുന്നു എന്നത് വിദ്യാലയത്തെക്കുറിച്ച് പൊതുജനങ്ങൾക്കിടയിൽ ഉള്ള വിശ്വാസം കൊണ്ടാണ്. ഈ വിദ്യാലയത്തിന് സമീപത്തായി 3 അൺ എയ്ഡഡ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ടെന്നുകൂടി ഈ സന്ദർഭത്തിൽ ഓർത്തിരിക്കേണ്ടതാണ്..
അക്കാദമിക പ്രവർത്തനങ്ങളിൽ മാത്രമല്ല വിദ്യാർത്ഥികളുടെ പാഠ്യേതര രംഗങ്ങളിലും വളരെയേറെ ശ്രദ്ധ പതിപ്പിക്കുന്ന സ്ഥാപനമാണിത്. അക്കാദമിക മികവിനായി മികച്ച ലൈബ്രറി, ലാബ്, ഹൈടെക് ക്ലാസ് മുറികൾ എന്നിവ തയ്യാറാക്കിയിട്ടുണ്ട്.

കഴിഞ്ഞ യു എസ് എസ്,എൽ എസ് എസ് പരീക്ഷയിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കാൻ ഈ വിദ്യാലയത്തിന് സാധിച്ചു. മത്സര പരീക്ഷകളിലും സബ്ജില്ലാതല കലാ കായിക പ്രവർത്തി പരിചയ മേളകളിലും എല്ലാവർഷവും മികച്ച നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്..

കുട്ടികളിലെ മികവുകൾ കണ്ടെത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ആവശ്യമായ പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതും കൂടുതലായി മികവുറ്റ രീതിയിൽ നടപ്പിലാക്കുന്നതിനുമുള്ള നടപടികൾ മാസ്റ്റർ പ്ലാനിൽ

ലക്ഷ്യമാക്കുന്നുണ്ട്. വിവിധ മേഖലകളിലുള്ള പ്രതിഭകളെ കണ്ടെത്തുന്നതിനും അവർക്ക് പ്രത്യേകം പരിശീലനങ്ങളും അനുഭവങ്ങളും നൽകുന്നതിന് പദ്ധതിയിടുന്നുണ്ട്. ഭാവിയിൽ വിവിധ രംഗങ്ങളിൽ കഴിവുള്ള വ്യക്തികളെ സൃഷ്ടിക്കുന്നതിന് ഇത് സഹായിക്കും.

ശാസ്ത്ര സാങ്കേതിക രംഗത്ത് വമ്പിച്ച മാറ്റങ്ങളാണ് അനുദിനം വന്നുകൊണ്ടിരിക്കുന്നത്. അതിനനുസരിച്ച് പഠന പ്രവർത്തനങ്ങളും മാറേണ്ടതുണ്ട്. ഇതിനായി നമ്മുടെ ക്ലാസ് മുറികൾ സജ്ജമാക്കേണ്ടിയിരിക്കുന്നു. ഹൈടെക് ക്ലാസ് മുറികളാണ് നമ്മുടെ മുന്നിലുള്ള ലക്ഷ്യം. കമ്പ്യൂട്ടർ ലാബുകളും,ഹൈടെക് ക്ലാസ് മുറികളും, മികച്ച ലാബുകളും, ലൈബ്രറിയും സജ്ജീകരിക്കുന്ന പ്രവർത്തനം നമ്മൾ തുടങ്ങിക്കഴിഞ്ഞിട്ടുണ്ട്. നാല് ഹൈടെക് ക്ലാസ് മുറികളും,ലൈബ്രറി ഹാളും,ലാബും നിലവിലുണ്ട്. അവ കാലോചിതമായി പരിഷ്കരിക്കുക വികസിപ്പിക്കുക എന്നിവ നമ്മുടെ മുന്നിലുള്ള ലക്ഷ്യങ്ങളാണ്.

കോമ്പൗണ്ട് വിസ്തൃതി കുറവുള്ള വിദ്യാലയത്തിന് മാലിന്യ സംസ്കരണം ഏറെ പ്രയാസമാകുന്നുണ്ട്. വലിയതോതിലുള്ള ബയോഗ്യാസ് പ്ലാൻറ് നിർമ്മിക്കുക വഴി കുറെയൊക്കെ പരിഹാരം കണ്ടിട്ടുണ്ടെങ്കിലും ഇനിയും ഫലപ്രദമായ ഇടപെടലുകൾ ആവശ്യമാണ്.

മാസ്റ്റർ പ്ലാൻ രൂപീകരണവുമായി ബന്ധപ്പെട്ട് സ്കൂൾ എസ് ആർ ജി കൂടുകയും അടുത്ത അഞ്ചുവർഷത്തെ സ്കൂൾ വിഷൻ ചർച്ചചെയ്യുകയും തുടർന്ന് സബ്ജക്ട് കൗൺസിലുകൾ ചേർന്ന് പ്രവർത്തന പരിപാടികളും നിർദ്ദേശങ്ങളും രൂപീകരിക്കുകയും ചെയ്തു. ഈ നിർദ്ദേശങ്ങൾ എസ് ആർ ജിയിൽ അവതരിപ്പിച്ച് ചർച്ച ചെയ്ത് കരട് രൂപം ഉണ്ടാക്കി. പി ടി എ യിലും,എസ് എസ് ജി യിലും അവതരിപ്പിച്ചു. കൂടുതൽ നിർദ്ദേശങ്ങൾ സ്വീകരിക്കുകയും ചെയ്തു. ഇത്തരത്തിൽ മെച്ചപ്പെടുത്തിയ കരടുരൂപം പഞ്ചായത്തുതല കമ്മിറ്റിയിൽ അവതരിപ്പിച്ച് ചർച്ച ചെയ്തു.

കൂടിയിരുപ്പുകളിലും ചർച്ചകളിലും പ്രാദേശികമായി ലഭിക്കാവുന്ന വിദഗ്ധന്മാരുടെ നിർദ്ദേശങ്ങൾ ആരായുകയുണ്ടായി. കൃഷി, കായികം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ ഇവരുടെ സേവനം ലഭ്യമായിട്ടുണ്ട്. ഈ ലക്ഷ്യത്തിലേക്ക് എത്തിക്കുന്നതിന് ഞങ്ങൾ മുന്നോട്ടുവയ്ക്കുന്ന പ്രവർത്തന മേഖലകളിൽ പ്രധാനമായവ ഇവയാണ്.

- ശാസ്ത്രീയ മനോഭാവം വളർത്തുക, ശാസ്ത്രത്തിൻറെ രീതി പരിചയപ്പെടൽ, നേടിയ അറിവുകൾ ജീവിതത്തിന്റെ ആവശ്യഘട്ടങ്ങളിൽ പരിഹാരത്തിനായി പ്രയോജനപ്പെടുത്തൽ
- വ്യക്തി, സമൂഹം, പരിസ്ഥിതി ഇവ തമ്മിലുള്ള ബന്ധത്തെ കുറിച്ചുള്ള ധാരണ വികസിപ്പിക്കുവാൻ

- ഇന്നലകളെ താരതമ്യം ചെയ്ത് ഇന്നത്തെ സ്ഥിതി മനസ്സിലാക്കുന്നതിനും നാളത്തെ കാഴ്ചപ്പാട് വികസിപ്പിക്കുന്നതിനും അവ നടപ്പിലാക്കുന്നതിനുമുള്ള ഇടപെടലുകൾ നടത്തുന്നതിനും പ്രാപ്തി ഉണ്ടാക്കാൻ ജനാധിപത്യം, സാമൂഹിക നീതി,സ്ഥിതി സമത്വം, മതനിരപേക്ഷത എന്നിവയെ കുറിച്ചുള്ള ധാരണ വിപുലപ്പെടുത്താൻ.
- തൊഴിലിടങ്ങളുമായി ബന്ധപ്പെട്ട തൊഴിൽ സാഹചര്യങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിനും ആഭിമുഖ്യം ഉണ്ടാക്കുന്നതിനും
- കലാപരമായ സ്വന്തം കഴിവുകളും അഭിരുചികളും പ്രയോജനപ്പെടുത്താനും വികസിപ്പിക്കുന്നതിനും പ്രാപ്തരാക്കുവാൻ
- ആരോഗ്യത്തെക്കുറിച്ച് ശാസ്ത്രീയ കാഴ്ചപ്പാട് ഉണ്ടാക്കുന്നതിനും, ശാരീരിക മാനസിക വൈകാരിക വികാസം നേടുന്നതിനും ലക്ഷ്യമിടുന്നു.
- വിവിധ വിഷയങ്ങളുടെ പാഠ്യപദ്ധതി വിനിമയത്തിനും ഐ ടി യെ പഠന സഹായിയായി ഉപയോഗപ്പെടുത്തുന്നു. ഐ ടി സാധ്യത ഉപയോഗിച്ച് കുട്ടികൾക്ക് ആശയവിനിമയത്തിന് പ്രാപ്തരാക്കുന്നതിന്.
- വിദ്യാലയത്തിൽ എത്തുന്ന മുഴുവൻ കുട്ടികൾക്കും നിലവാരത്തിനനുസരിച്ച് മാതൃഭാഷയിൽ പ്രയോഗശേഷി കൈവരിക്കുവാൻ കഴിയുന്നില്ല മാത്രമല്ല ഒട്ടേറെ കുട്ടികൾ വളരെ പിന്നോക്കാവസ്ഥയിലുമാണെന്നത് ഗൗരവമുള്ള പ്രശ്നമാണ് ഇതിനാണ് പ്രഥമ പരിഗണന നൽകേണ്ടത്.
- എല്ലാ കുട്ടികളും മലയാളം അർത്ഥപൂർണ്ണമായി എഴുതുകയും വായിക്കുകയും ചെയ്യുന്നുവെന്നത് ഉറപ്പുവരുത്തുക.
- മികച്ച രീതിയിൽ സർഗാത്മക രചനകൾക്കും പ്രകടനങ്ങൾക്കും കുട്ടികളെ പ്രാപ്തരാക്കുക.
- മാതൃഭാഷയോടുള്ള സ്നേഹവും മമതയും വർദ്ധിപ്പിക്കുക. ഇംഗ്ലീഷ് ആഗോള ഭാഷയാണ് ആയതിനാൽ ഇംഗ്ലീഷിൽ ഫലപ്രദമായി എഴുതുവാനും വായിക്കുവാനുമുള്ള ശേഷി നേടേണ്ടതുണ്ട്
- ഇംഗ്ലീഷ് ഭാഷയോടുള്ള ഭയം അകറ്റുകയും ആത്മവിശ്വാസം നൽകുകയും ചെയ്യുക.
- ഇംഗ്ലീഷ് ഭാഷാന്തരീക്ഷം പരമാവധി വിപുലപ്പെടുത്തുക
- ഹിന്ദി, അറബിക്, ഉറുദു, സംസ്കൃതം എന്നീ ഭാഷകളിൽ കുട്ടികളുടെ നിലവാരത്തിനനുസരിച്ച് ആശയവിനിമയ ശിശു വളർത്തുക.
- ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്ന പ്രവർത്തനങ്ങൾക്ക് പ്രാമുഖ്യം നൽകുക. ഗണിതത്തെ രസകരമായും ആത്മവിശ്വാസത്തോടെയും സമീപിക്കുവാൻ കുട്ടികളെ പ്രാപ്തരാക്കുക. പ്രായോഗിക സന്ദർഭങ്ങളിലൂടെ ചതുഷ്ക്രിയകൾ പരിചയപ്പെടുത്തൽ.
- കായികരംഗത്ത് ഭാവി വാഗ്ദാനങ്ങളെ വളർത്തിയെടുക്കുന്നതിനുള്ള അടിത്തറ പാകുന്നതിന് ലക്ഷ്യമിടുന്നു.

- മാറിവരുന്ന പഠന പ്രവർത്തനരംഗത്ത് കുട്ടികളെ നയിക്കുന്നതിന് പ്രാപ്തരാക്കുവാൻ അധ്യാപക ശാക്തീകരണ പദ്ധതികളും,സ്കൂൾ പ്രവർത്തനങ്ങളിൽ കുട്ടികളുടെ പഠന സ്വഭാവവൽക്കരണ രംഗത്ത് ശരിയായി ഇടപെടുന്നതിനും രക്ഷിതാക്കളെ പ്രാപ്തരാക്കുന്നതിനുള്ള പദ്ധതികളും ഉൾപ്പെടുന്നു.
- ജൈവവൈവിധ്യത്തിന്റെ പ്രാധാന്യം അറിയുന്നതിനും,ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾക്ക് താൽപര്യം സൃഷ്ടിക്കുന്നതിനും ലക്ഷ്യമിടുന്നു.
- കുട്ടികളിലെ വായന മെച്ചപ്പെടുത്തുന്നതിന് ലൈബ്രറി വിപുലപ്പെടുത്തൽ
- സാങ്കേതിക രംഗത്തെ മുന്നേറ്റത്തിന് ഐ ടി പഠനത്തിന് കൂടുതൽ സൗകര്യം ഉൾപ്പെടുത്തുക.

# അക്കാദമിക മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ

- ഭാഷാ ശേഷി വികസനം
- ഗണിത ശേഷി വികസനം
- ഇംഗ്ലീഷ് പഠനം അനായാസകരമാക്കൽ
- വായന ശേഷി വർദ്ധിപ്പിക്കൽ
- ശാസ്ത്ര പോഷണ പരിപാടി
- ലബോറട്ടറി നവീകരണം, ശാസ്ത്രം, ഗണിതം, സാമൂഹ്യശാസ്ത്രം
- ലൈബ്രറി ശാക്തീകരണം
- സ്കോളർഷിപ്പ് പരീക്ഷാപരിശീലനം
- സ്കൂൾ പത്രം,ക്ലാസ് പത്രം
- സ്കൂൾ പ്രവൃത്തി പരിചയ പരിശീലനം
- കലാ പരിപോഷണം
- സാഹിത്യ ശില്പശാലകൾ
- ദിനാചരണങ്ങൾ ശക്തിപ്പെടുത്തൽ
- പച്ചക്കറിത്തോട്ടം
- കായിക ശേഷി വികസനം
- വിലയിരുത്തൽ കാര്യക്ഷമമാക്കൽ
- ഐ ടി പഠനം കാര്യക്ഷമമാക്കൽ
- ജന്മദിന പുസ്തകം
- സഹവാസ ക്യാമ്പ്
- തൊഴിലധിഷ്ഠിത പരിശീലനം
- മേളകൾ (ഗണിതം,ശാസ്ത്രം, സാമൂഹ്യശാസ്ത്രം)
- പൊതുവിജ്ഞാനം
- സി പി ടി എ കൾ
- രക്ഷിതാക്കൾക്കുള്ള ബോധവൽക്കരണ ക്ലാസ്.

| ലക്ഷ്യം | പ്രവർത്തനം | കാലം | അവതരണ സന്ദർഭം |
|---|---|---|---|
| വായനയിലെ കുട്ടികളുടെ മികവ് പൊതുസമൂഹത്തിന് മുന്നിൽ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കുന്നതിന് | • വായന കാർഡ് നിർമ്മാണം<br>• വായന കാർഡ് വിതരണം<br>• ക്ലാസ്സ്തല വായന<br>• ലൈബ്രറി പുസ്തകങ്ങളുടെ വായന<br>• വായനോത്സവം | ജൂൺ മുതൽ മാർച്ച് വരെ | പഠനോത്സവം വായനോത്സവം |
| അക്ഷരങ്ങൾ തിരിച്ചറിഞ്ഞ് വാക്യങ്ങൾ കൂട്ടിച്ചേർത്ത് ഡയറി എഴുതുന്നതിന് | സംയുക്ത ഡയറി | മാർച്ച് വരെ | ക്ലാസ് റൂം |
| ആശയ വ്യക്തതയോടെ രചനാ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് | • ചിത്ര വായന<br>• കഥാപാത്രങ്ങൾ തിരിച്ചറിയൽ<br>• ആശയങ്ങൾ കൂട്ടിച്ചേർത്ത് കഥയെഴുതൽ | ആഗസ്റ്റ് മുതൽ മാർച്ച് വരെ | ക്ലാസ് റൂം |
| ചുറ്റുപാടുകൾ തിരിച്ചറിയലും ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടലും | • പ്രകൃതി നടത്തം<br>• ലഘു പരീക്ഷണങ്ങൾ | മാർച്ച് വരെ | പഠനോത്സവം |
| ഇംഗ്ലീഷ് ഭാഷ പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിന് | • One day one word<br>• Picture reading<br>• Self introduction | ജൂലൈ മുതൽ മാർച്ച് വരെ | പഠനോത്സവം |

| | | | |
|---|---|---|---|
| | • Reading cards<br>• Conversation<br>• Games | | |
| 100 വരെയുള്ള സംഖ്യാബോധം, സംഖ്യാ വ്യാഖ്യാനം, സങ്കലനം, വ്യവകലനം എന്നിവയിൽ കഴിവ് നേടൽ | • ഗണിതത്തിന്റെ സഹായത്തോടെ കനിതാശയങ്ങൾ ഉറപ്പിക്കൽ (ഉല്ലാസ ഗണിത കിറ്റ്, മഞ്ചാടി സഞ്ചി)<br>• Sand tray<br>• ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നതിന്<br>• അബാക്കസിന്റെ സഹായത്തോടെ സങ്കലന വ്യവകലന പ്രവർത്തനങ്ങൾ ചെയ്യുന്നു. | മാർച്ച് വരെ | ക്ലാസ് റൂം |
| ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ പറഞ്ഞു എഴുതിയും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്. | • ഭാഷയുമായി ബന്ധപ്പെട്ട ഐസിടി സാധ്യതകൾ ഉറപ്പുവരുത്തൽ<br>• ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും ലേഖനത്തിന്റെയും സാധ്യതകൾ കണ്ടെത്തി അവതരിപ്പിക്കൽ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് റൂം, വിദ്യാലയം |

| | | | |
|---|---|---|---|
| | • സ്കൂൾ ലൈബ്രറി ക്ലാസ്സ് ലൈബ്രറി എന്നിവയുടെ സജ്ജീകരണം. | | |
| ആശയ ഗ്രഹണ വായന ഉറപ്പുവരുത്തുന്നതിന് | • ക്ലാസ് ലൈബ്രറിയുടെ പ്രവർത്തനക്ഷമത ഉറപ്പുവരുത്തൽ<br>• രക്ഷിതാക്കളുടെ സഹായം<br>• വായനാത്തലത്തിൽ എത്തിച്ച് വിവിധ വ്യവഹാര രൂപങ്ങളിലേക്ക് എത്തിക്കൽ | ജൂൺ മുതൽ സെപ്റ്റംബർ വരെ | ലൈബ്രറി<br>വായനാവാരം<br>വീട്<br>ക്ലാസ് ലൈബ്രറി |
| ചിത്രത്തെ ആസ്പദമാക്കിയുള്ള സംഭാഷണം ഉറപ്പുവരുത്തുന്നതിന് | • ചിത്രം പദം എന്നിവ ഉൾക്കൊള്ളുന്ന വായനകാർഡുകൾ ഉപയോഗിച്ച് സ്വതന്ത്രഭാഷണത്തിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ.<br>• വായിച്ചെറിഞ്ഞ കഥയെ ചിത്രീകരിക്കൽ | ജൂൺ മുതൽ ആഗസ്റ്റ്<br><br>സെപ്റ്റംബർ മുതൽ മാർച്ച് വരെ | ക്ലാസ് തലം<br><br>വീട് |
| ആശയം ഈണം താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ ചൊല്ലുവാനും എഴുതുവാനും കഴിയുന്നതിന് | • വരികൾ കൂട്ടിച്ചേർത്ത് പാട്ടുകൾ പാടൽ കവിത പൂരണം പ്രവർത്തനങ്ങൾ ഒരുക്കൽ | ഒക്ടോബർ മുതൽ മാർച്ച് വരെ | സർഗ്ഗോത്സവം<br><br>ക്ലാസ് റൂം<br><br>ബാലസംഗമം |

| | | | |
|---|---|---|---|
| | • സ്വതന്ത്രമായ സർഗാത്മകവാസന വളർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ | | |
| ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടുന്നതിനും നിഗമനം കണ്ടെത്തുന്നതിനും | • മഴപെയ്യൽ പരീക്ഷണം നടത്തൽ<br>• വിത്ത് നടൽ മുളപൊട്ടൽ നിരീക്ഷണം | ജൂൺ മുതൽ ജൂലൈ വരെ | ക്ലാസ് റൂം<br>വീട് |
| To encourage people to listening speaking reading and writing some words & sentence | • Pretest to develop listening skills and reading skills first. Example games action song skit stories<br>• Use of I C T- speaking skills description, growing sentences, picture reading, self introduction etc. | June to march | School<br>Classroom<br>Balasabha |
| • 100 വരെയുള്ള സംഖ്യാബോധം,വ്യാഖ്യാനം, സങ്കലനം, വ്യവകലനം, പ്രസ്താവന എന്നിവ ശേഷികൾ ഉറപ്പാക്കൽ.<br>• പാറ്റേൺ രൂപീകരണം<br>• ജാമിതീയ രൂപങ്ങൾ തിരിച്ചറിയുന്നതിന് | • ഒന്നു മുതൽ ഒരു സംഖ്യയോട് ഒന്നു കൂട്ടുമ്പോൾ അടുത്ത സംഖ്യ കിട്ടുമെന്നറിയാനുള്ള പ്രവർത്തനങ്ങൾ.<br>• രണ്ടുകൂട്ടങ്ങൾ എണ്ണി തിട്ടപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ<br>• ലഘുവായ പ്രായോഗിക | ജൂൺ മുതൽ മാർച്ച് വരെ<br>നവംബർ മുതൽ മാർച്ച് വരെ<br>ജൂൺ | ക്ലാസ് റൂം<br>വീട്<br>കട<br>അടുക്കള<br>മറ്റു സന്ദർഭങ്ങൾ |

| | | | |
|---|---|---|---|
| | പ്രശ്നങ്ങൾ ഉപയോഗിച്ച് ചെയ്യുവാനുള്ള അവസരമൊരുക്കൽ<br>• പാറ്റേൺ രൂപീകരിക്കുന്നതിന്<br>• രൂപങ്ങളെ തിരിച്ചറിയുന്നതിന് | ജൂലൈ | |

# യു പി വിഭാഗം

## മലയാളം

| ലക്ഷ്യം | ആക്ടിവിറ്റി | ഭൗതീകം | |
|---|---|---|---|
| • വായനയിൽ മികവുപുലർത്തൽ<br>• ചിന്നങ്ങളും അക്ഷരങ്ങളും ചേർത്ത് വാക്കുകൾ വാക്യങ്ങൾ എഴുതൽ<br>• ഭാഷാ വ്യവഹാര രൂപങ്ങൾ തെറ്റ കൂടാതെ ആവിഷ്കരിക്കാൻ ഉള്ള ശേഷി വികസിപ്പിക്കുക<br>• മലയാളഭാഷ പഠനത്തിലെ അടിസ്ഥാന ആശയങ്ങളിലും ശേഷികളിലും പരിമിതിയുള്ള കുട്ടികളെ അത് മറികടക്കാൻ പിന്തുണ നൽകുക<br>• മലയാളഭാഷ പഠനത്തിൽ | • വായന കാർഡ്<br>• പാഠഭാഗവായന<br>• ചിത്രത്തെപ്പറ്റി വാക്കുകൾ വാക്യങ്ങൾ എഴുതൽ<br>• പാഠഭാഗത്തെ കഥാപാത്രങ്ങളെ പറ്റി വാക്യങ്ങൾ രചിക്കൽ<br>• കുട്ടിക്കഥകൾ കവിതകൾ എഴുതൽ<br>• വിവരണങ്ങൾ<br>• ചിത്രം വര<br>• ആശയപടം(കഥാപാത്രനിരൂപണം)<br>• അനുഭവക്കുറിപ്പ്<br>• നാടകം<br>• സ്കിറ്റ്<br>• ചിത്ര വായന<br>• ലഘു വിവരണം<br>• വാക്യരചന | • വായന കാർഡ്<br>• പുസ്തകം<br>• കഥ<br>• കവിത<br>• ചിത്രങ്ങൾ<br>• പാഠപുസ്തകം<br>• കഥകൾ<br>• കവിതകൾ<br>• ചിത്രങ്ങൾ<br>• ചാർട്ട്<br>• കാർഡുകൾ<br>• വിവരണങ്ങൾ<br>• പുസ്തകങ്ങൾ | |

| | | | |
|---|---|---|---|
| സവിശേഷ വൈഭവമുള്ള കുട്ടികളെ അതിൻറെ പൂർണ്ണതയിൽ എത്തിക്കുക. | • കുറിപ്പ്<br>• രചനാ മത്സരങ്ങൾ<br>• ലൈബ്രറികളുടെ ഉപയോഗം<br>• സർഗാത്മക രചന<br>• കഥ കവിത പരിചയപ്പെടുത്തൽ | | |

# ഇംഗ്ലീഷ്

| | | | |
|---|---|---|---|
| • എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് LSRW വികസനം<br><br>• തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുക<br><br>• ഇംഗ്ലീഷിനോടുള്ള ഭയം മാറി ആത്മവിശ്വാസം കുട്ടികൾക്ക് ഉണ്ടാകാൻ | • ക്ലാസ് ലൈബ്രറിയിൽ നിലവാരത്തിനനുസരിച്ച് ഇംഗ്ലീഷ് പുസ്തകങ്ങൾ ഉൾപ്പെടുത്തൽ<br>• കുട്ടികൾ വായിച്ച് വായനാനുഭവം പങ്കുവെക്കുന്നു<br>• ഇംഗ്ലീഷ് ഡയറി എഴുതൽ മാസത്തിൽ ഒരു ഡയറി പതിപ്പ്<br>• Follow me if you can ഇംഗ്ലീഷിലുള്ള നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കാനുള്ള പരിശീലനം നൽകുന്നു<br>• Run baby run ക്ലാസിലെ ഗ്രൂപ്പുകൾ ആക്കുന്നു ചാറ്റിലേ വാക്കുകൾ ഒരു പ്രാവശ്യം വായിച്ചശേഷം മറ്റൊരു ചാർട്ടിൽ തെറ്റുകൂടാതെ | • എല്ലാ ക്ലാസും ജൂണിൽ തുടങ്ങുന്നു ആഴ്ചയിൽ ഒരു പിരീഡ് വായനാനുഭവം പങ്കുവെക്കുന്നു | |

| | | | |
|---|---|---|---|
| | എഴുതാൻ ആവശ്യപ്പെടുന്നു ഏറ്റവും ആദ്യം വാക്യങ്ങൾ തെറ്റു കൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു.<br>• ദിവസം ഇംഗ്ലീഷിൽ ആരംഭിക്കുന്നു അധ്യാപകന്റെ ഇൻട്രൊഡക്ഷൻ<br>• ആനുകാലിക വിശേഷം പങ്കുവയ്ക്കാൻ അസംബ്ലി ഇംഗ്ലീഷിൽ | | |

# ഗണിതം

| | | | |
|---|---|---|---|
| • ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി പരിശീലനം നൽകുന്നു<br>• ഗണിത പ്രവർത്തനങ്ങൾ സുഗമമാക്കൽ<br>• ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കാൻ<br>• ഗണിത പഠനത്തിൽ<br>• ഗണിതത്തിന്റെ പ്രായോഗിക തലം കുട്ടികളിലേക്ക് എത്തിക്കുന്നു<br>• | • Helping Hand<br>• ഗണിത ഡയറി<br>• ഗണിത ചോദ്യോത്തരപ്പെട്ടി ഗണിത ലാബ് സജ്ജമാക്കൽ<br>• ഗണിത ക്വിസ്<br>• ഫീൽഡ് ട്രിപ്പ് ഗണിത ശിൽപ്പശാല ഗണിതത്തിൽ പ്രാബണ്യമുള്ള മറ്റു വിദ്യാലയത്തിൽ അധ്യാപകർ ക്ലാസ് എടുക്കുന്നു<br>• ഹൈടെക് ഗണിത പഠനം<br>• ജൂൺ മുതൽ മാർച്ച് വരെയുള്ള | ജൂൺ മുതൽ ജനുവരി അവസാന പിരിയഡുകളിൽ<br><br>ദിവസവും ആഴ്ചയിൽ ഒന്ന് ആവശ്യാനുസരണം മാസത്തിൽ ഒന്ന്<br><br>നവംബർ മാസത്തിൽ<br>വർഷത്തിൽ രണ്ട് തവണ | |

| | | | |
|---|---|---|---|
| | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് ഗണിത പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു. | മാസത്തിൽ ഒരു തവണ<br><br>ആവശ്യാനുസരണം | |

# സാമൂഹ്യശാസ്ത്രം

| | | | |
|---|---|---|---|
| • സാമൂഹ്യ ശാസ്ത്രത്തിൻറെ അടിസ്ഥാനതല അറിവുകൾ ആശയങ്ങൾ പരിശോധിക്കൽ നേടിയെടുക്കൽ<br>• സാമൂഹ്യശാസ്ത്രത്തോടുള്ള അഭിരുചി വർദ്ധിക്കുക കുട്ടികളിൽ ലീഡർഷിപ്പ് ക്വാളിറ്റി ഉണ്ടാക്കുക ദിനാചരണങ്ങളുടെ പ്രാധാന്യം മനസ്സിലാക്കുക<br>• വിവിധയിനം പക്ഷി വിഭവങ്ങൾ പരിചയപ്പെടുക രുചിച്ചു നോക്കുക സഹകരണം മനോഭാവം വളർത്തിയെടുക്കൽ<br>• കുട്ടികളിലെ നിർമ്മാണ വൈഭവത്തെ കണ്ടെത്തൽ<br>• ജൂലൈ 11 ലോക ജനസംഖ്യാ ദിനത്തിൻറെ പ്രാധാന്യം കുട്ടികളിൽ എത്തിക്കുക<br>• ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തിയെടുക്കുക<br>• സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് കുട്ടികൾ നിർമ്മിച്ചിട്ടുള്ള മോഡലുകളുടെയും ചാർട്ടുകളുടെയും പ്രദർശനം<br>• ഹിരോഷിമ ദിനം | രാജ്യങ്ങൾ,തലസ്ഥാനങ്ങൾ ,ജില്ലകൾ നദികൾ,ഭൂപ്രകൃതി വൈവിധ്യങ്ങൾ,തുടങ്ങിയ അടിസ്ഥാന വിവരങ്ങളുടെ ഒരു മെമ്മറി ടെസ്റ്റ് നടത്തുന്നു<br>സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് രൂപീകരണം<br>ഭക്ഷ്യമേള സംഘടിപ്പിക്കാൻ അഞ്ചാം ക്ലാസിലെ പീലിയുടെ ഗ്രാമവുമായി ബന്ധപ്പെട്ട് ഓല, കടലാസ്, ചിരട്ട കയർ തുടങ്ങിയവ ഉപയോഗിച്ചുകൊണ്ട് കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കളുടെ പ്രദർശനം<br>സ്കൂളിലെ കുട്ടികളുടെ കണക്കെടുപ്പ് നടത്തലും പ്രദർശനവും<br>വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക് സ്കൂൾ പാർലമെൻറ് രൂപീകരണം ഇലക്ഷൻ<br>സാമൂഹ്യ ശാസ്ത്രമേള<br>സഡാക്കോ കൊക്കുകളുടെ നിർമ്മാണം, ക്വിസ്<br>ക്വിസ് ചാർട്ട് പ്രദർശനം<br>ആൽബം പതിപ്പ് നിർമ്മാണം സ്വാതന്ത്ര്യ സമര സേനാനികൾ | അക്കാദമിക വർഷാരംഭം ജൂൺ<br><br>ജൂൺ<br><br>ജൂൺ<br><br>ജൂലൈ<br><br>ജൂലൈ<br><br>ആഗസ്റ്റ്<br><br>ആഗസ്റ്റ്<br><br>ആഗസ്റ്റ് | |

| | | | |
|---|---|---|---|
| നാഗസാക്കി ദിനം പ്രാധാന്യത്തെക്കുറിച്ച് കുട്ടികളിൽ അറിവ് ഉണ്ടാക്കൽ<br>• സ്വാതന്ത്ര്യദിനാഘോഷം<br>• കേരളത്തിലെ ജില്ലകളെ പരിചയപ്പെടുത്തൽ അറിവ് ശേഖരിക്കൽ<br>• നെഹ്റുവിനെ കുറിച്ചുള്ള അറിവ് നേടൽ അദ്ദേഹത്തിൻറെ സംഭാവനകൾ എന്തൊക്കെയെന്ന് തിരിച്ചറിയൽ<br>• ഗാന്ധിജയന്തി ആഘോഷം<br>• ചരിത്രശേഷിപ്പുകളെ കുറിച്ച് കുട്ടികളിൽ അറിവ് നൽകൽ<br>• ഭരണഘടനയെ കുറിച്ച് മനസ്സിലാക്കൽ<br>• ഭരണഘടനയുടെ പ്രാധാന്യം മനസ്സിലാക്കൽ<br>• റിപ്പബ്ലിക് ദിനാഘോഷം | ഭൂപടത്തിന്റെ മാതൃക നൽകി ജില്ലകൾ അടയാളപ്പെടുത്തൽ, കിസ്<br>ശിശുദിന അസംബ്ലി<br>തൊപ്പി ബാഡ്ജ് നിർമ്മാണം ഐസിടി പ്രസന്റേഷൻ ക്വിസ്<br>റേഡിയോ സംപ്രേക്ഷണം<br>വേഷപ്പകർച്ച<br>ക്വിസ് ഗാന്ധി സൂക്തങ്ങൾ<br>ചാർട്ട് പ്രദർശനം<br>വേഷപ്പകർച്ച<br>അടുത്തുള്ള കുടക്കല്ല് സന്ദർശനം<br>പ്രതിജ്ഞ ചൊല്ലൽ<br>വീഡിയോ പ്രസന്റേഷൻ<br>ക്വിസ് പ്രസംഗമത്സരം<br>അസംബ്ലി<br>ബാഡ്ജ് നിർമ്മാണം | ആഗസ്റ്റ്<br>നവംബർ<br>നവംബർ<br>ഒക്ടോബർ<br>നവംബർ<br>ജനുവരി | |

# സയൻസ്

| | | | |
|---|---|---|---|
| • ശാസ്ത്ര കിറ്റുകൾ രൂപീകരിക്കൽ<br>• വളരുന്ന ശാസ്ത്രം ,ആനുകാലിക ശാസ്ത്രനേട്ടങ്ങൾ മാറ്റങ്ങൾ പരിചയപ്പെടൽ<br>• എല്ലാ കുട്ടികൾക്കും പരീക്ഷണങ്ങൾ ചെയ്യുന്നതിനുള്ള അവസരം<br>• അധിക പഠനക്കുറിപ്പുകൾ | • ശാസ്ത്ര കിറ്റുകൾ ഓരോ കുട്ടിയും സംഘടിപ്പിക്കുന്നു ഉപയോഗിച്ച് ക്ലാസിലെ പരീക്ഷണങ്ങൾ കുട്ടികൾ നടത്തുന്നു<br>• വളരുന്ന ശാസ്ത്രം ബുള്ളറ്റിൻ ബോർഡ് ശാസ്ത്രനേട്ടങ്ങൾ, വാർത്തകൾ പ്രദർശിപ്പിക്കുന്നു<br>• ക്ലാസുകൾ പരീക്ഷണങ്ങൾ നിർമ്മാണ പ്രവർത്തനങ്ങൾ | ജൂൺ മുതൽ<br>ജൂൺ മുതൽ മാസത്തിൽ അവസാന ദിവസം വരെ<br>ജൂൺ മുതൽ | |

| | | | |
|---|---|---|---|
| • ശാസ്ത്രനാടകാവതരണം<br><br>• ശാസ്ത്രകലാ വണ്ടി<br><br>• സാമൂഹ്യ പ്രശ്നങ്ങളിൽ ഇടപെടൽ മനോഭാവം വളർത്തുക<br><br>• ചിത്രരചനയിൽ പ്രോത്സാഹനം നൽകുക കഴിവുള്ള കുട്ടികളെ കണ്ടെത്തി പരിശീലിപ്പിക്കുക. | എന്നിവ ഗ്രൂപ്പ് അടിസ്ഥാനത്തിൽ നടത്തുന്നു<br>• പഠന നേട്ടങ്ങൾക്കനുഗുണമായ അധിക പഠനക്കുറിപ്പുകൾ തയ്യാറാക്കുന്നു കൂടിയിരിപ്പുകൾ നടത്തുന്നു<br>• ശാസ്ത്ര ക്ലാസ്സിൽ നാടക സ്ക്രിപ്റ്റുകൾ രൂപീകരണവും നടത്തുന്നു. ക്ലാസിലെ മികച്ച നാടകം തെരഞ്ഞെടുക്കുന്നു സ്കൂൾതരാ അവതരണം നടത്തുന്നു.<br>• ശാസ്ത്ര ടിക്കുകൾ ,കൂടിയിരിപ്പുകൾ, ശാസ്ത്രനാടകങ്ങൾ രൂപീകരണവും നോട്ടീസും പ്ലക്കാടുകളും തയ്യാറാക്കൽ (ബോധവൽക്കരണ വിഷയവുമായി ബന്ധപ്പെട്ട്)<br>• ക്ലാസുകളിൽ ചിത്രരചന പതിപ്പുകൾ പൂർത്തിയാക്കൽ<br>• സ്കൂൾതലത്തിൽ ചിത്രപ്രദർശനം<br>• തെരഞ്ഞെടുത്ത കുട്ടികൾക്ക് പരിശീലന ക്യാമ്പ് ചിത്രകലാഗ്രൂപ്പ് രൂപീകരിക്കൽ<br>• ഗ്രൂപ്പിലെ അംഗങ്ങളെ വർക്ക് ഷീറ്റ് രൂപീകരണ പ്രവർത്തനത്തിലും വായന കാർഡ് മാഗസിൻ രചന ക്യാമ്പിലും മറ്റും | ജൂൺ ജൂലൈ മാസങ്ങളിൽ<br><br>അക്കാദമിക വർഷം<br><br>ക്യാമ്പ് ഡിസംബറിൽ<br><br>നവംബർ<br><br>ഡിസംബർ<br><br>ജനുവരി | |

| | | | |
|---|---|---|---|
| | ഉപയോഗിക്കുന്നു<br>• ചിത്ര പുസ്തകം പുറത്തിറക്കുന്നു | | |

# അറബിക്

| | | | |
|---|---|---|---|
| • അറബി ഭാഷ പഠിക്കാനും ഒഴുകാക്കോടെ സംസാരിക്കാനുമുള്ള കഴിവ് കുട്ടികളിൽ വികസിപ്പിക്കുക<br>• കരിക്കുലം ലക്ഷ്യം വയ്ക്കുന്ന അറബി ഭാഷാ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പുവരുത്തുക<br>• വയനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് റൂമുകളിൽ ഒരുക്കുക<br>• വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യങ്ങളും മനോഭാവങ്ങളും ഭാഷാ പഠന നേട്ടത്തിലൂടെ ഉറപ്പുവരുത്തുക<br>• ഭാഷ പഠനത്തിൽ ഐടിയുടെ സാധ്യത പ്രയോജനപ്പെടുത്താനു ം വികസിപ്പിക്കാനും ഉള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക | • മികവിന്റെ വഴിയിൽ പ്രൈമറി ക്ലാസ് മുതൽ ഭാഷാശേഷികളുടെ വളർച്ച ഉറപ്പുവരുത്തുക മുന്നറിയിപ്പ് പരിശോധിക്കൽ അക്ഷരങ്ങൾ ഉറപ്പിക്കൽ വാചകങ്ങൾ നിർമ്മിക്കൽ ഭാഷാ കളികൾ<br>• വായന വസന്തം വായന മത്സരം ക്ലാസ്സ് ലൈബ്രറി വായനക്കുറിപ്പുകൾ അറബിക് പത്ര വായന<br>• എഴുത്തു ഉത്സവം എഴുത്തുകൂട്ടം പതിപ്പുകളുടെ നിർമ്മാണം വായനക്കുറിപ്പ് ശേഖരണം ചുമർപത്രങ്ങൾ പോസ്റ്ററുകൾ ഭാഷാ കളികൾ<br>• അറബിക് കമ്മ്യൂണിക്കേഷൻ<br>• ആശയവിനിമയ വേദി ക്ലാസ് തലം, സ്കൂൾതലം<br>• അറബിക് മേള<br>• ഭാഷ കളികൾ<br>• അറബിക് അസംബ്ലി<br>• ഭാഷാപ്രദർശനം | രണ്ട് മാസം<br><br>ആറ് മാസം<br><br>പന്ത്രണ്ട് മാസം<br><br>ഇരുപത്തിനാല് മാസം | |

| | | | |
|---|---|---|---|
| • സർഗ്ഗ കഴിവുകൾ ഭാഷാ പഠനത്തിലൂടെ വികസിപ്പിക്കുക | • ലാംഗ്വേജ് ലാബ്<br>• സ്മാർട്ട് ക്ലാസ്സ് റൂം<br>• അറബി ഭാഷാ സാഹിത്യ ശേഖരങ്ങൾ<br>• അനിമേഷൻ | മുഫത്തിയാറ് മാസം | |

# ഉറുദു

| | | | |
|---|---|---|---|
| പഠേം ആഗെ ബഢേം വായന | വായന മത്സരങ്ങൾ ക്വിസ് മത്സരങ്ങൾ ബാല മാസികകൾ പത്രങ്ങൾ വായന കാട്ടുകൾ തുടങ്ങിയവ വായനയ്ക്ക് ലഭ്യമാക്കാൻ | വിവിധ ദിനാചരണ്ങ്ങളിൽ | |
| മേരെ അൽഫാസ് ഉറുദു കയ്യെഴുത്ത് മാഗസിൻ | രചനാശേഷി വളർത്താൻ മികച്ചതും ഭംഗിയുള്ളതുമായ കയ്യെഴുത്ത് എന്നീ ലക്ഷ്യം പൂർത്തീകരിക്കുന്നതിനും കുട്ടികളിലെ സർഗ്ഗാത്മകത വളർത്തുന്നതിനു വേണ്ടി കൈയെഴുത്ത് മാഗസിൻ എഴുത്ത് വായന കാർഡ് തുടങ്ങിയവയുടെ നിർമ്മാണം | ഓരോ ടേമിലും ഒന്ന് വീതം | |
| ഖസാന എ ഇൽമ് പൊതു വിജ്ഞാനം | പൊതുവായതും ഉറുദുവിൽ ഉള്ളതുമായ പൊതുവിജ്ഞാനം കുട്ടികളിൽ എത്തിക്കുന്നതിന് വേണ്ടി ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുക | ഓരോ ടേമിലും ഒന്ന് വീതം | |
| ഹംമിലേം ഉറുദു ക്യാമ്പ് | കുട്ടികളിലെ രചനാപരമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനുതകുന്നതും വിധം കവിത കഥ ഉപന്യാസ ക്യാമ്പുകൾ സംഘടിപ്പിക്കുക | വർഷത്തിൽ ഒന്ന് | |
| ഉറുദു ദിനം | ടാലൻറ് മീറ്റ് അക്ഷരമരം എന്റെ പതിപ്പ് ക്വിസ് മത്സരം | അതാത് ദിനങ്ങളിൽ | |
| വായന ആസ്വാദനം | കുട്ടി വായന ആസ്വാദനക്കുറിപ്പ് അമ്മയ്ക്കും കുട്ടിക്കും ക്വിസ് മത്സരം മെഗാ ക്വിസ് | ഒരു വർഷം | |
| തലാഷ് | പ്രാദേശിക പഠന യാത്രകൾ സംഘടിപ്പിക്കൽ | വർഷത്തിൽ ഒന്ന് | |

| | | | |
|---|---|---|---|
| ദിനാചരണങ്ങൾ | ഭാഷാശേഷി വളർത്തുന്നതിന് ഉതകുന്ന രീതിയിൽ വിവിധ ദിനാചരണ പരിപാടികൾ സംഘടിപ്പിക്കൽ | അതാത് ദിനങ്ങളിൽ | |

# ഹിന്ദി

| | | | |
|---|---|---|---|
| 5 6 7 ക്ലാസ് അക്ഷരബോധം ഉറപ്പിക്കൽ<br>ഹിന്ദി അഞ്ചാന്തരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക പഠിപ്പിച്ചുകൊടുക്കുക | പുതിയ പദങ്ങൾ പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസ്സിലാക്കി കൊടുത്ത് പഠിപ്പിക്കും. ചിത്രങ്ങൾ അക്ഷരമാല ചാർട്ട് സിഡിയിൽ അക്ഷര രചന കാണിക്കൽ എന്നിവ | ജൂൺ മുതൽ ഫെബ്രുവരി വരെ | |
| ഹിന്ദി വായന തെറ്റു കൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശ്രമം ചെയ്യും | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് ആകർഷിപ്പിക്കും മറ്റ് ഹിന്ദി ചിത്രകഥകൾ അതിൻറെ സിഡി താഴെ ഹിന്ദിയിൽ വാക്യമുള്ളവ കാണിക്കും | ജൂൺ മുതൽ ഫെബ്രുവരി വരെ | |

# ആരോഗ്യ കായിക വിദ്യാഭ്യാസം

കേരളത്തിലെ സ്കൂൾ വിദ്യാർത്ഥികളിൽ നടത്തിയ പഠനം അനുസരിച്ച് കുട്ടികളിൽ കായികക്ഷമത അനുദിനം കുറഞ്ഞു കൊണ്ടിരിക്കുകയാണ്. ശരിയായ ആരോഗ്യ കായിക അവബോധം ഇല്ലായ്മയാണ് പ്രധാനമായി ചൂണ്ടിക്കാണിക്കുന്നത്. കുട്ടിക്കാലത്തെ പ്രസരിപ്പുള്ള ജീവിതശൈലി യൗവനത്തിനും വാർദ്ധക്യത്തിലും ഉള്ള ആരോഗ്യത്തിന് നേരിട്ട് ഗുണം ചെയ്യുന്നു. എന്നാൽ ആധുനിക ജീവിതശൈലി കുട്ടികളെയും മുതിർന്നവരെയും ഒരുപോലെ പ്രവർത്തന മാദ്ധ്യമുള്ളവരാക്കുന്നു. കേരള സംസ്ഥാനത്തിലെ കുട്ടികളുടെ ശാരീരിക സ്ഥിതി മുൻ തലമുറകളെ അടിസ്ഥാനപ്പെടുത്തി വിശകലനം ചെയ്യുകയാണെങ്കിൽ ഇപ്പോഴത്തെ കുട്ടികൾ ശാരീരിക കായിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന്റെ തോത് വളരെ കുറവാണ്. സ്വന്തമായ ഒരു കളി സ്ഥലത്തിന്റെ ഭാവം ഞങ്ങളുടെ സ്കൂളിലെ കായിക പ്രവർത്തനങ്ങൾക്ക് വിഘാതമാകുന്നുണ്ട്.

## പ്രവർത്തനങ്ങൾ

- ഫുട്ബോൾ പരിശീലനം
- യോഗ പരിശീലനം
- സ്റ്റുഡൻസ് പോലീസ് ടീം
- കബഡി പരിശീലനം
- സ്കൂൾതല വാർഷിക സ്പോർട്സ്
- സ്കൂൾതല ഫുട്ബോൾ മത്സരം
- കിഡ്സ് അത്ലെറ്റിക്സ്

| | | | |
|---|---|---|---|
| ഫുട്ബോൾ പരിശീലനം | ട്ടികളുടെ അടിസ്ഥാന ഫുട്ബോൾ വികസിപ്പിക്കുക<br>സ്കൂൾ ടീം രൂപീകരിച്ച സബ്ജില്ലാ മത്സരങ്ങളിൽ പങ്കെടുപ്പിക്കുക | ജൂൺ മുതൽ | |
| യോഗാദിനാചരണം | യോഗയുടെ പ്രാധാന്യം കുട്ടികളിലേക്ക് എത്തിക്കുക | ജൂൺ | |
| സ്റ്റുഡൻസ് പോലീസ് ടീം | കുട്ടികളെ ശിശുകാലം മുതൽ തന്നെ നല്ല ശ്രദ്ധയും ഉത്തരവാദിത്വവും ആത്മവിശ്വാസവും പൗരബോധമുള്ളവരും ആക്കി വളർത്തുക<br>സാമൂഹ്യ സേവനത്തിന് പ്രോത്സാഹനം നൽകുക | ജൂലൈ മുതൽ മാർച്ച് വരെ | |
| കബഡി പരിശീലനം | സ്കൂൾ ടീം രൂപീകരിച്ച സബ്ജില്ലാ മത്സരങ്ങളിൽ പങ്കെടുപ്പിക്കുക | ഓഗസ്റ്റ് | |
| സ്കൂൾതല വാർഷിക സ്പോർട്സ് | മികച്ച കുട്ടികളെ കണ്ടെത്തി പരിശീലനം നൽകി ഉയർന്ന തലങ്ങളിൽ പങ്കെടുപ്പിക്കുക | ഓഗസ്റ്റ് | |
| സ്കൂൾതല ഫുട്ബോൾ മത്സരം | കായിക മനോഭാവം വളർത്തുക പ്രതിഭകളെ കണ്ടെത്തുക | ഡിസംബർ | |
| കിഡ്സ് അത്ലെറ്റിക്സ് | കുട്ടികൾക്ക് അത്ലെറ്റിക്സിനോടുള്ള താല്പര്യം വളർത്തുക | ജനുവരി | |

# സംസ്കൃതം

## സംസ്കൃതം ലൈബ്രറി

സംസ്കൃത ഗ്രന്ഥങ്ങൾ ബാലകഥകൾ ബാലകവിതകൾ ജീവചരിത്ര ഗ്രന്ഥങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി സംസ്കൃത ലൈബ്രറി നിർമ്മാണം

## സംസ്കൃത ദിനാചരണം

സംസ്കൃത ദിനം വിവിധ പരിപാടികളോടെ സമുചിതമായി ആചരിക്കൽ

## സംസ്കൃത അസംബ്ലി

വിവിധ ദിനാചരണങ്ങളോട് അനുബന്ധിച്ച് സ്കൂൾതലത്തിൽ അസംബ്ലി അവതരിപ്പിക്കൽ

## വിവിധ മത്സരങ്ങൾ

**കഥാ രചന കവിതാരചന ഉപന്യാസ രചന പ്രശ്നോത്തരി തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിക്കൽ**

## മികച്ച വിദ്യാർത്ഥികൾക്ക് മത്സര പരീക്ഷകൾക്കുള്ള പ്രത്യേക പരിശീലനം

**സംസ്കൃതം സ്കോളർഷിപ്പ് പരീക്ഷ യു എസ് എസ് പരീക്ഷ രാമായണം പ്രശ്നോത്തരി എന്നിവയ്ക്ക് പ്രത്യേക പരിശീലനം നൽകൽ**

## ഐടി സാധ്യതകളെ പ്രയോജനപ്പെടുത്തൽ

**വ്യത്യസ്ത ചാനൽ സമഗ്ര പോർട്ടൽ തുടങ്ങിയവ വഴി സാങ്കേതികവിദ്യയുടെ സാധ്യതകളെ പ്രയോജനപ്പെടുത്തൽ സംസ്കൃതം സിനിമകൾ ഷോർട്ട് ഫിലിമുകൾ ഡോക്യുമെൻററുകൾ തുടങ്ങിയവ പ്രദർശിപ്പിക്കൽ**

| | | | |
|---|---|---|---|
| • എല്ലാ കുട്ടികൾക്കും ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനും ഉള്ള ശേഷി വികസിപ്പിക്കൽ<br>• അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക<br>• കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേരുകൾ സംസ്കൃതത്തിൽ പഠിക്കുക<br>• ആശയങ്ങൾ തെറ്റു കൂടാതെ പ്രകടിപ്പിക്കാനും സർഗ്ഗാത്മക രചനകൾ വികസിപ്പിക്കാനുമുള്ള അവസരം നൽകുക<br>• എല്ലാ കുട്ടികളും അർത്ഥപൂർണ്ണമായി വായിക്കുന്നുവെന്ന് ഉറപ്പുവരുത്തുക<br>• സാഹിത്യാഭിരുചി വളർത്തുന്ന പ്രവർത്തനങ്ങൾ<br>• ഭാഷാശേഷി വികസിപ്പിക്കുന്നതിനാ | • ടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു<br>• പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ<br>• പതിപ്പുകൾ മാഗസിനുകൾ<br>• സംസ്കൃത ദിനാചരണം<br>• ഒഴിവു സമയങ്ങളിൽ പ്രത്യേക ക്ലാസ്സ്<br>• വായന മൂല ,നിഘണ്ടു നിർമ്മാണം ,മാഗസിൻ നിർമ്മാണം, ദിനാചരണങ്ങൾ, പോസ്റ്റർ നിർമ്മാണം ,കഥ, ഉപന്യാസം രചിക്കൽ അവതരണം<br>• വിവിധ സാഹിത്യ ശാഖകളെ പരിചയപ്പെടുത്താൻ കഥ കവിത സുഭാഷിതങ്ങൾ ജീവചരിത്രക്കുറിപ്പുകൾ എന്നി ശേഖരിച്ച് പതിപ്പുകൾ തയ്യാറാക്കൽ | | |

| | | | |
|---|---|---|---|
| യി ആധുനിക സാങ്കേതിക വിദ്യാസാധ്യതകളെ പ്രയോജനപ്പെടുത്തൽ<br>• ഭാഷാ ലാബ് | | | |